കേരള റെയർ എർത്ത് ആന്റ് മിനറൽസ് ലിമിറ്റഡിന്റെ കരിമണൽ ഖനനം

135 [1311] *ശ്രീ. കെ. പി. രാജേന്ദ്രൻ:*
,, *പി. എസ്. സുപാൽ:*
,, *പി. നാരായണൻ:*
,, *ബിനോയ് വിശ്വം:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ തൃക്കുന്നപ്പുഴ, പുറക്കാട് തീരപ്രദേശങ്ങളിൽ കരിമണൽ ഖനനത്തിന് കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുണ്ടോ;

(ബി) കേരള റെയർ എർത്ത്സ് ആന്റ് മിനറൽസ് ലിമിറ്റഡ് എന്ന കമ്പനിക്ക് ഏതൊക്കെ പ്രദേശങ്ങളിൽ ഖനനം നടത്തുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്; ഇതു സംബന്ധിച്ച് കേന്ദ്ര ഖനന വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി വ്യവസായ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ടോ?

ഉത്തരം

(എ) കേന്ദ്ര സർക്കാർ മുൻകൂർ അനുമതി നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്. ഇതു സംബന്ധമായി വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന കേന്ദ്ര ഖനന മന്ത്രാലയത്തിൽനിന്നും ലഭിച്ച അനുമതിപത്രത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. †

അഴീക്കൽ-ആറാട്ടുപുഴ തീരദേശ തിട്ടയിൽനിന്നും മണൽ ഖനനം

136 [1312] *ഡോ. തോമസ് ഐസക്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കൽ-ആറാട്ടുപുഴ ഭാഗത്തെ തീരദേശ തിട്ടകളുടെ വീതി, ആപേക്ഷിക സാന്ദ്രത എന്നിവ എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) മേൽപ്പറഞ്ഞ പ്രദേശത്തെ തീരദേശ തിട്ടയിൽനിന്നും മണൽ ഖനനം ചെയ്താൽ 100 ടൺ മണലിൽനിന്നും എത്ര ടൺ വീതം ഇൽമനൈറ്റ്, റൂട്ടൈൽ, സിലിമനൈറ്റ്, മോണോസൈറ്റ്, സിർക്കോൺ, ഗാർണറ്റ് എന്നിവ ലഭിക്കുമെന്ന് വെളിപ്പെടുത്തുമോ;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇപ്പോൾ ഖനനം നടത്തുന്ന ചവറ പ്രദേശത്തുനിന്നും 100 ടൺ മണലിൽനിന്നും എത്ര ടൺ വീതം ഹീവ്സ് ലഭിക്കുന്നുവെന്ന് വെളിപ്പെടുത്തുമോ;

(ഡി) അഴീക്കൽ-ആറാട്ടുപുഴ പ്രദേശങ്ങളിൽനിന്നും കരിമണൽ ഖനനം നടത്തിയശേഷം മൈനിംഗ് ആക്ട് പ്രകാരം മണ്ണിട്ട് നികത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിലൂടെ കൂറ്റൻ തിരമാലകളുടെ ആക്രമണത്തെ എപ്രകാരം തടയാൻ സാധിക്കുമെന്ന് വിശദമാക്കുമോ;

(ഇ) അഴീക്കൽ-ആറാട്ടുപുഴ പ്രദേശത്തുനിന്നും കരിമണൽ ഖനനം നടത്തിയാൽ കായംകുളം കായൽ നഷ്ടപ്പെടുമോ?

ഉത്തരം

(എ) അഴീക്കൽ മുതൽ ആറാട്ടുപുഴ വരെയുള്ള തീരപ്രദേശം കടലിനും കായംകുളം കായലിനും ഇടയിലായി 50 മീറ്റർ മുതൽ 500 മീറ്റർ വരെ വീതിയിൽ കാണപ്പെടുന്നു. ഖനന ലോഹങ്ങളുടെ അടങ്കൽ തോത് അനുസരിച്ച് ആപേക്ഷിക സാന്ദ്രത ശരാശരി 10.349 ശതമാനംവരെ കാണപ്പെടുന്നു.

(ബി) 100 ടൺ മണലിൽനിന്നും 6.307 ടൺ ഇൽമനൈറ്റ്, 0.355 ടൺ റൂട്ടൈൽ, 2.827 ടൺ സിലിമനൈറ്റ്, 0.033 ടൺ മോണോസൈറ്റ്, 0.260 ടൺ സിർക്കൺ എന്നിവ ലഭിക്കും.

(സി) ശരാശരി 49.080 ടൺ ഹീവ്സ് 100 ടൺ മണലിൽനിന്നും ചവറ പ്രദേശത്ത് ലഭിക്കുന്നു.

(ഡി) കരിമണൽ ഖനനാനുമതിയുടെ കാര്യത്തിൽ അന്തിമതീരുമാനം എടുത്തിട്ടില്ല. അഴീക്കൽ-ആറാട്ടുപുഴ പ്രദേശത്ത് ഉപരിതലത്തിൽനിന്നും ഒരു പരിധിവരെ ആഴത്തിൽ മണൽ കോരിയെടുക്കുന്നതിന് വിദഗ്ദ്ധ ഉപദേശം ലഭിച്ചിട്ടുണ്ട്. വേലിയേറ്റസമയത്ത് കരയിൽ നിക്ഷേപിക്കപ്പെടുന്ന കരിമണൽ അടുത്ത തിരയ്ക്കുമുമ്പ് കോരിമാറ്റിക്കൊണ്ടുപോകുന്ന പ്രക്രിയയ്ക്ക് അനുവാദം നൽകിയാൽ പ്രസ്തുത സ്ഥലത്ത് മണ്ണിട്ട് നിരത്തേണ്ട ആവശ്യം ഉണ്ടാകുന്നില്ല. ഉൾപ്രദേശത്ത് ചെറുകിട ഡ്രഡ്ജർ ഉപയോഗിച്ച് മണൽ നീക്കം ചെയ്യാമെന്നും വിദഗ്ദ്ധ സമിതി നിർദ്ദേശിച്ചിട്ടുണ്ട്. ഇപ്രകാരം ശേഖരിക്കുന്ന കരിമണലിൽ അടങ്ങിയിട്ടുള്ള

LIBRARY ARCHIVES Kerala Legislative Assembly

പത്ത് ശതമാനം ഹെവിസ് വേർതിരിച്ച് കഴിഞ്ഞാൽ ബാക്കിവരുന്ന 90 ശതമാനം മണൽ ഇവിടെത്തന്നെ തിരിച്ച് നിക്ഷേപിച്ച് നികത്തുവാൻ മതിയാകും. തീരപ്രദേശങ്ങളിൽ പരിസ്ഥിതിക്ക് കോട്ടം വരാത്ത രീതിയിൽ ഖനനം നടത്തിയാൽ ഈ ഭാഗത്ത് നിലവിൽ അനുഭവപ്പെടുന്നതിനെക്കാൾ രൂക്ഷമായ കടലാക്രമണം ഉണ്ടാകുമെന്നുള്ള ആശങ്കയ്ക്ക് ശാസ്ത്രീയാടിസ്ഥാനമില്ല.

(ഇ) കായംകുളം കായൽ നഷ്ടപ്പെടുമെന്നുള്ള ആശങ്കയ്ക്ക് ശാസ്ത്രീയാടിസ്ഥാനമില്ല. സർക്കാരിന് ലഭിച്ചിട്ടുള്ള മൂന്ന് വിദഗ്ദ്ധ സമിതി റിപ്പോർട്ടുകളിലും ഇക്കാര്യം സൂചിപ്പിക്കുന്നില്ല.

ആലപ്പുഴ ജില്ലയിലെ തൃക്കുന്നപ്പുഴ, പുറക്കാട് പ്രദേശങ്ങളിലെ കരിമണൽ ഖനനം

137 [1313] *ശ്രീ. പി. എസ്. സുപാൽ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ തൃക്കുന്നപ്പുഴ, പുറക്കാട് പ്രദേശങ്ങളിലെ കരിമണൽ ഖനനം നടത്തുവാൻ കേന്ദ്ര ഖനന വകുപ്പ് അനുവാദം നൽകിയിട്ടുണ്ടോ; സർക്കാരിന് ഇതു സംബന്ധിച്ച് ലഭിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഈ മേഖലയിൽ ഖനനം നടത്തുവാൻ ആർക്കാണ് അനുവാദം ലഭിച്ചത്; സംസ്ഥാന സർക്കാർ മുഖേനയാണോ അപേക്ഷ സർക്കാരിന് നൽകിയത്; എന്നാണ് അപേക്ഷ നൽകിയത്; വിശദാംശം വ്യക്തമാക്കാമോ;

(സി) ഖനനം നടത്തുവാൻ ഏതെല്ലാം വകുപ്പുകളുടെ അനുവാദമാണ് ലഭിക്കേണ്ടത്; അതു സംബന്ധിച്ച് ഏതെല്ലാം വകുപ്പുകൾക്ക് അപേക്ഷ നൽകിയിരുന്നു;

(ഡി) തൃക്കുന്നപ്പുഴ, പുറക്കാട് തുടങ്ങിയ പ്രദേശങ്ങളിൽ ഒരുതരത്തിലുമുള്ള ഖനനം പാടില്ല എന്ന സാമൂഹ്യ, രാഷ്ട്രീയ സന്നദ്ധ സംഘടനകളുടെയും, തദ്ദേശവാസികളുടെയും അഭിപ്രായം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ സർക്കാരിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ;

(ഇ) തൃക്കുന്നപ്പുഴ, ആറാട്ടുപുഴ പ്രദേശങ്ങളിൽ ഖനനം നടത്താതിരിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly